(സി) കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്കായി പുതിയ ഒരു ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) മത്സ്യത്തൊഴിലാളികൾക്കായി എത്ര വീടുകൾ നിർമ്മിച്ചു നൽകേണ്ടി വരുമെന്നതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-2002, 2002-2003 വർഷങ്ങളിൽ 2442 (2000+442) പേർക്ക് വീടു വയ്ക്കാൻ ധനസഹായം കൊടുത്തിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിൽ 50% കേന്ദ്ര ഗവൺമെന്റ് വിഹിതവും ബാക്കി 50% സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2001-2002-ൽ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല. 2002-2003-ൽ കേന്ദ്രവിഹിതമായി 200 ലക്ഷം രൂപ ലഭിച്ചിരുന്നു.

(സി) 505 കോടി രൂപ വരുന്ന ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഭവനനിർമ്മാണത്തിനായി 200 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. 5 വർഷംകൊണ്ട് 40,000 വീടുകൾ നിർമ്മിക്കാനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ഡി) പുതുതായി 86471 വീടുകൾ നിർമ്മിക്കേണ്ടി വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

ഭവനനിർമ്മാണ വായ്പാ അദാലത്ത്

67 (1755) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയിൽ നടപ്പിലാക്കിയ ഭവനനിർമ്മാണ വായ്പാ അദാലത്ത് എല്ലാ ജില്ലകളിലും നടത്തിയോ ; ജില്ലകൾതോറുമുള്ള അപേക്ഷകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ; അദാലത്തുകളുടെ നടത്തിപ്പിന് ഓരോ ജില്ലയിലും എന്തുതുക ചെലവാക്കിയെന്നും അറിയിക്കുമോ ;

(ബി) ഓരോ ജില്ലയിലെയും അപേക്ഷകരുടെ എണ്ണമെത്രയെന്നും അവയിൽ എത്രയെണ്ണം തീർപ്പു കൽപ്പിച്ചെന്നും, ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) സർക്കാർ ഭവനനിർമ്മാണ വായ്പ കുടിശ്ശിക ഒഴിവാക്കുന്നതിന് എന്തുതുക അനുവദിച്ചെന്നും എത്ര ഭവനനിർമ്മാണ വായ്പ കുടിശ്ശിക കേസുകൾ എഴുതി തള്ളിയെന്നും ഇതിനായി എന്തുതുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹഡ്കോയ്ക്കും, ഹൗസിംഗ് ബോർഡിനും എന്തു കുടിശ്ശിക തുക അടച്ചുതീർക്കുവാൻ ഉണ്ടെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഭവനനിർമ്മാണ വായ്പ അദാലത്തിൽ ബോർഡ് അംഗങ്ങളും ചില ഉദ്യോഗസ്ഥന്മാരും സ്വജനപക്ഷപാതവും അഴിമതിയും നടത്തിയതായി പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇതിനെതിരെ സർക്കാർ തലത്തിൽ അന്വേഷണം നടത്തുവാൻ ഉത്തരവുണ്ടാകുമോ ?

ഉത്തരം

(എ) തീരദേശമേഖലയിലുള്ള 9 ജില്ലകളിലും ഉൾനാടൻ ജില്ലയായ കോട്ടയത്തും നടത്തിയിട്ടുണ്ട്. ജില്ലകൾതോറുമുള്ള അപേക്ഷകളുടെ എണ്ണവും അദാലത്ത് നടത്തിപ്പിന് ചെലവായ തുകയും താഴെ ചേർക്കുന്നു.

ജില്ല	31-3-2003വരെ ലഭിച്ച അപേക്ഷകൾ	അദാലത്ത് നടത്തിപ്പിന് ചെലവായ തുക (രൂപ)
തിരുവനന്തപുരം	565	59,533
കൊല്ലം	2116	77,984
ആലപ്പുഴ	5854	1,53,173
കോട്ടയം	734	34,420
എറണാകുളം	1199	45,550
തൃശ്ശൂർ	393	26,807
മലപ്പുറം	836	52,845
കോഴിക്കോട്	761	43,232
കണ്ണൂർ	216	30,902
കാസർകോട്	716	54,303
ആകെ	11475	5,78,749

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	31-3-2003 വരെ ലഭിച്ച അപേക്ഷകൾ	തീർപ്പു കൽപ്പിച്ചവ	കടാശ്വാസം ലഭിച്ചവരുടെ എണ്ണം	ഒൺടൈം സെറ്റിൽമെന്റായി ആനുകൂല്യം ലഭിച്ച വരുടെ എണ്ണം
തിരുവനന്തപുരം	565	277	88	189
കൊല്ലം	2116	1,488	848	640
ആലപ്പുഴ	5,854	1,783	780	1,003
കോട്ടയം	734	631	450	181
എറണാകുളം	1,199	728	601	127
തൃശ്ശൂർ	393	217	132	85
മലപ്പുറം	836	255	196	59
കോഴിക്കോട്	761	577	352	225
കണ്ണൂർ	216	209	92	117
കാസർകോട്	718	510	454	56
ആകെ	11,475	6,675	3,993	2,682

(സി) മത്സ്യമേഖലയിലെ കടാശ്വാസ പദ്ധതിയിൽ ഭവനനിർമ്മാണ കുടിശ്ശിക ഒഴിവാക്കുന്നതിനായി സർക്കാരിൽനിന്നും 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 31-3-2003 വരെ തീർപ്പു കൽപ്പിച്ച അപേക്ഷയിന്മേൽ 515.22 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കടാശ്വാസപദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

ജില്ല	31-3-2003 വരെ ലഭിച്ച അപേക്ഷകൾ	തീർപ്പു കൽപ്പിച്ച വരുടെ എണ്ണം	പൂർണ്ണ കടാശ്വാസം ലഭിച്ച വരുടെ എണ്ണം	പൂർണ്ണ കടാശ്വാസമായി അനുവദിച്ചതുക (ലക്ഷത്തിൽ)	ഒൺടൈം സെറ്റിൽമെന്റായി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം	ഒൺടൈം സെറ്റിൽമെന്റായി അനുവദിച്ച തുക (ലക്ഷത്തിൽ)	ആകെ തുക (ലക്ഷത്തിൽ)
(1)	(2)	(3)	(4)	(5)	(6)	(7)	(8)
തിരുവനന്തപുരം	565	277	88	10.66	189	5.07	15.73
കൊല്ലം	2116	1488	848	83.10	640	64.27	147.37

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)
ആലപ്പുഴ	5854	1783	780	70.46	1003	44.58	115.04
കോട്ടയം	734	631	450	42.30	181	4.05	46.35
എറണാകുളം	1199	728	601	48.89	127	4.53	53.42
തൃശ്ശൂർ	393	217	132	10.60	85	3.07	13.67
മലപ്പുറം	836	255	196	18.95	59	4.82	23.77
കോഴിക്കോട്	761	577	352	32.16	225	6.78	38.94
കണ്ണൂർ	216	209	92	10.35	117	6.83	17.18
കാസർകോട്	718	510	454	41.30	56	2.45	43.75
ആകെ	11,475	6,675	3,993	368.77	2,682	146.45	515.22

(ഡി) ഭവനനിർമ്മാണ പദ്ധതിക്കായി 'ഹഡ്കോ'യിൽ നിന്നു മാത്രമേ വായ്പ യെടുത്തിട്ടുള്ളൂ. ഹഡ്കോയ്ക്ക് ഇനി 9% പലിശനിരക്കിൽ 90.86 ലക്ഷം രൂപ തിരി ച്ചടയ്ക്കാനുണ്ട്.

(ഇ) ഗവൺമെന്റിന് പരാതിയൊന്നും കിട്ടിയിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം

68 (1756) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര ഫിഷറീസ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഫിഷറീസ് സ്ക്കൂളുകളിൽ കുട്ടികൾ തികഞ്ഞില്ലെന്ന പരാതി എവിടെ നിന്നെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെനിന്നാണ് അത്തരം പരാതികൾ ലഭിച്ചിട്ടുള്ളത് ;

(ഡി) ഈ സ്ക്കൂളുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മറ്റു വിഭാഗം കുട്ടികൾക്കും ഈ സ്ക്കൂളിൽ അഡ്മിഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) പത്ത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly